ബീഡി വിൽപ്പന

104 (1844) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2013-14, 2014-15, 2015-16 എന്നീ വർഷങ്ങളിൽ എത്ര തുകയുടെ ബീഡി വിൽപ്പന നടന്നിട്ടുണ്ടെന്ന് ഉൽപ്പാദകരുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) 1-4-2015 മുതൽ ബീഡി വിൽപ്പനയ്ക്ക് 14.5 ശതമാനം നികുതി ഏർപ്പെടുത്തിയതിന്റെ ഭാഗമായി വിൽപ്പനയിൽ കുറവു വന്നിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) 2014-15 വരെ ബീഡി നികുതി വിമുക്തമായതിനാൽ 2013-14, 2014-15-ലെ വിവരം ലഭ്യമല്ല. 2015-16 സാമ്പത്തിക വർഷം ജനുവരി വരെ 317.36 കോടി രൂപയുടെ ബീഡി വിൽപ്പന നടന്നിട്ടുണ്ട്.

(ബി) 1-4-2015 വരെ ബീഡി നികുതി വിമുക്തമായിരുന്നതിനാൽ 1-4-2015 മുതൽ ബീഡി വിൽപ്പനയ്ക്ക് 14.5 ശതമാനം നികുതി ഏർപ്പെടുത്തിയതിന്റെ ഭാഗമായി വിൽപ്പനയിൽ കുറവ് വന്നിട്ടുണ്ടോ എന്ന വിവരം ലഭ്യമല്ല.

നികുതി കുടിശ്ശിക

105 (1845) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി കുടിശ്ശിക ഇനത്തിൽ എത്ര കോടി രൂപ നിലവിൽ പിരിഞ്ഞുകിട്ടാനുണ്ട്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കോടി രൂപയുടെ നികുതി പിരിവിനാണ് സർക്കാർ തലത്തിൽ സ്റ്റേ നൽകിട്ടുള്ളത്;

(സി) നികുതി കുടിശ്ശിക പിരിച്ചെടുത്ത് റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

മോട്ടോർ വാഹന വകുപ്പ്

30-6-2015-ലെ ഡി.സി.ബി. പ്രകാരം മോട്ടോർ വാഹന വകുപ്പിന്റെ കുടിശ്ശിക 1289.25 കോടി രൂപയാണ്. ഇതിൽ 1050.09 കോടി രൂപ കെ.എസ്.ആർ.ടി.സി. യുടെ വാഹനങ്ങളുടെ കുടിശ്ശികയാണ്.

ലാന്റ് റവന്യൂ വകുപ്പ്

2015 ഡിസംബർ മാസം വരെയുള്ള കണക്കനുസരിച്ച് ലാന്റ് റവന്യൂ വകുപ്പിന്റെ കുടിശ്ശിക 152.33 കോടി രൂപയാണ്. ഇതിൽ പിരിക്കാവുന്ന മുതലിൽ കുടിശ്ശികയായ തുക 43.26 കോടി രൂപയും വിവിധ സ്റ്റേ ഇനങ്ങളിൽപ്പെട്ട് കുടിശ്ശികയായ തുക 109.07 കോടി രൂപയുമാണ്.

രജിസ്ട്രേഷൻ വകുപ്പ്

2015-16 സാമ്പത്തിക വർഷം ജനുവരി വരെയുള്ള കാലയളവിൽനിന്ന് അണ്ടർ വാല്യുവേഷൻ ഇനത്തിൽ 35.96 കോടി രൂപ പിരിച്ചെടുക്കാനുണ്ട്.

എക്സൈസ് വകുപ്പ്

അബ്കാരി കുടിശ്ശികയുമായി ബന്ധപ്പെട്ട് മുതലും പലിശയുമടക്കം നിലവിൽ 231.82 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്.

വാണിജ്യ നികുതി വകുപ്പ്

31-12-2015-ലെ കണക്കനുസരിച്ച് നികുതി കുടിശ്ശികയിനത്തിൽ 6552.44 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്.

(ബി) ലാന്റ് റവന്യൂ ഇനങ്ങളിൽ സർക്കാർ തലത്തിൽ 33.99 കോടി രൂപയുടെ സ്റ്റേ നിലനിൽക്കുന്നുണ്ട്. വാണിജ്യ നികുതി വകുപ്പിൽ വിവിധ സ്റ്റേ ഇനങ്ങളിലായി നിലനിൽക്കുന്ന തുക സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(സി) നികുതി കുടിശ്ശിക പിരിച്ചെടുത്ത് റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ വകുപ്പ് തിരിച്ച് ചുവടെ ചേർക്കുന്നു:

മോട്ടോർ വാഹന വകുപ്പ്

നികുതി കുടിശ്ശികയുള്ള പരമാവധി വാഹനങ്ങൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നു. നികുതി പിരിവ് പ്രവർത്തനത്തിന് മാത്രമായി

LIBRARY ARCHIVES Kerala Legislative Assembly

ഡിമാന്റ് നോട്ടീസുകൾ അയയ്ക്കുക, റവന്യൂ റിക്കവറി നടപടികൾ എടുക്കുക, നികുതി അടയ്ക്കാതെ റോഡിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ പിടിച്ചെടുക്കുക തുടങ്ങിയ ജോലികൾ ചെയ്തുവരുന്നു.

ലാന്റ് റവന്യൂ വകുപ്പ്

വിവിധ സ്റ്റേ ഇനങ്ങളിൽപ്പെട്ട കേസ്സുകളിൽ സ്റ്റേയിൽനിന്ന് ഒഴിവാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്റ്റേയിൽനിന്ന് ഒഴിവാക്കി നികുതികൾ പിരിച്ചെടുക്കുന്നതിലുള്ള പുരോഗതി ഓരോമാസവും വിലയിരുത്തുന്നുണ്ട്.

രജിസ്ട്രേഷൻ വകുപ്പ്

അണ്ടർ വാല്യുവേഷൻ കുടിശ്ശിക പിരിച്ചെടുത്ത് റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനായി ജില്ലാ രജിസ്ട്രാർക്ക് ടാർജറ്റ് നിശ്ചയിച്ചുനൽകി പ്രതിമാസം ലഭിക്കുന്ന വരുമാനം നിരീക്ഷിച്ചുവരുന്നു.

എക്സൈസ് വകുപ്പ്

അബ്കാരി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുകയും ഊർജ്ജിത നടപടി സ്വീകരിക്കുവാൻ ജില്ലാ അധികാരികൾക്ക് ശക്തമായ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. അബ്കാരി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ആംനസ്റ്റി സ്കീം വിവിധ കാലയളവുകളിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

വാണിജ്യ നികുതി വകുപ്പ്

നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനും നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിനുമായി നികുതി മേൽനോട്ട സമിതി, വില നിരീക്ഷണ സമിതി എന്നിവയുടെ ആഭിമുഖ്യത്തിൽ വിശകലനം നടത്തുന്നുണ്ട്. ഇതിലേയ്ക്കായി റിട്ടേൺ സ്ക്രൂട്ടിനി ശക്തമാക്കിയിട്ടുണ്ട്. ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി അമരവിളയിൽ ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റ് പരീക്ഷണാടിസ്ഥാനത്തിൽ ഇതിനകം നടപ്പാക്കിയിട്ടുണ്ട്. സി.സി.റ്റി.വി. ക്യാമറ സംവിധാനം എല്ലാ അതിർത്തി ചെക്ക്പോസ്റ്റുകളിലും നടപ്പിലാക്കാനും നടപടി സ്വീകരിച്ചുവരുന്നു. ചെക്ക്പോസ്റ്റുകളുടെയും വാണിജ്യ നികുതി ഇന്റലിജൻസ് വിഭാഗത്തിന്റെയും പ്രവർത്തനം സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുക വഴിയും അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്ന ചരക്കുകളുടെ വിശദാംശങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള നടപടിവഴിയും നികുതി വെട്ടിപ്പ് പരമാവധി തടയുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. വകുപ്പുതല റവന്യൂ റിക്കവറി നടപടികളും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. റിട്ടേൺ സ്ക്രൂട്ടിനിയും നികുതി നിർണ്ണയവും ഫലപ്രദമാക്കുന്നതിനായി കേന്ദ്രീകൃത ഡാറ്റാ മൈനിംഗ് സെല്ലിന്റെ പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly